

# തൂവൽ സ്പർശം

തൂവൽ സ്പർശം

# ഇൻഫന്റ് ജീസസ്
# ബി.സി.എച്ച്.എസ് മണർകാട്



**തൂവൽ സ്പർശം**

# എഡിറ്റോറിയൽ

കുട്ടികളിലെ സാങ്കേതികപരമായ വിജ്ഞാനത്തിനായി കേരള ഗവൺമെൻ്റ രൂപം നൽകിയ ഒരു പ്രസ്ഥാനമാണ് "*LITTLE KITES*".

ഹൈ-ടെക്ക് യുഗത്തോടോപ്പം കുട്ടികളുടെ സാങ്കേതികപരമായ കഴിവുകൾ വളർത്തിയെടുക്കാൻ ഈ പ്രസ്ഥാനം സഹായകമാകുന്നു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്വയം തയാറാക്കിയ വിവിധതരത്തിലുള്ള രചനകൾ കോർത്തിണക്കിയതാണ് '**തൂവൽ സ്പർശം**'. ഈ ആധുനിക യുഗത്തിൽ വായനയെ പരിപോഷിപ്പിക്കാൻ **തൂവൽ സ്പർശം**' സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു...

എഡിറ്റർ

# ഗുരുമൊഴി




**സമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ മാറ്റത്തിൻെറ ശംഖനാദം മുഴക്കുവാൻ പര്യാപ്തമായ അനേകം വ്യക്തിത്വങ്ങളെ വാർത്തെടുത്ത് അവർക്ക് ആധുനികസാങ്കേതികവിദ്യയിൽവിജ്ഞാനം പകരുന്ന സംഘടനയാണ്** *LITTLE KITES . Graphics , Animation ,Programming* ...**തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടുവാൻ കുട്ടികളെ പര്യാപ്തമാക്കുന്ന സംഘടനയാണിത് . സ്കൂളിലെ എല്ലാപ്രവർത്തനങ്ങളിലും ഈ സാങ്കേതിക വിദ്യപ്രയോജനപ്പെടുത്തുന്നതിന്** *LITTLE KITES* **പ്രയത്നിക്കുന്നു. കുട്ടികളുടെ ഈ കഴിവുകളെ കോർത്തിണക്കി തയ്യാറാക്കിയ ഈ മാഗസിൻ എല്ലാവർക്കും പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു....**

**സി .മേരി റോസ്** *S .I .C*

# ഉള്ളടക്കം

1.The World of Technology.
2.Charles Babbage.
3.Geogebra.
4.അച്ഛൻ.
5.അമ്മ.
6.മഴ.
7.സ്വപ്നം.
8.ജനനി
9.അനാഥത്വം
10.ഗുരു
11.അമൂല്യനിധി
12.വിദ്യാലയം
13.മയിൽപ്പീലി
14.പ്രകൃതി
15.പ്രണയനിലാവ്
16.കലാകൻെ്റ കീർത്തിമുദ്ര

17.Libre office
18.എന്തുപകരം കൊടുക്കുമെൻ അമ്മയ്ക്കായ്
19.എന്തേ നീ എന്നിൽ നിന്നകന്നു
20.Stellarium
21.മനോവിഷാദം
22.തെരുവിന്റെ വെളിച്ചം
23. പേമാരി
24.മായാപുഷ്പം
25.സൗഹൃദം
26.മഴയെ നിന്നെ തേടി
27.Ella’s doubt
28.Prayers to God
29.കാത്തിരിപ്പൂ ....ഞാൻ
30.Quiz Corner

# THE WORLD OF TECHNOLOGY

*The world around us is changing fast. The borderlines that were created by time and distance are fading away. The infinite potentials of Information and Communications and Technology have made so many things possible which were considered impossible. This is the era in which our classrooms are being rapidly transformed into smart rooms with multimedia facilities as a result of the new technology. In tune*

**ഌവൽ സ്പർശം**


with these changes ,the education is also
developed to enable us to move towards a
world of Technology to promote self-study
and to construct new knowledge.
തൂവൽ സ്പർശം

# CHARLES BABBAGE

"CHARLES BABBAGE" *was a mechanical engineer who lived in England. During the first quarter of the 19th century, he designed a machine for mathematical calculations. The Difference Engine was a machine to perform mathematical calculations only. It was his first product. Soon after, he designed another machine called Analytical Engine which was operated by instructions and was capable of doing general computations. This was the first computer in the world. Hence the world honoured him by calling him,* "THE FATHER OF COMPUTERS"



**ത്തുവൽ സ്പർശം**

# GEOGEBRA

*"GeoGebra" is a software which helps in the study of mathematics.*



*This software is available in different operating systems. We use GeoGebra which works in GNU/Linux for doing different classroom activities. "Marks Hoven",who was a teacher in the University of Salsburg, Austria developed GeoGebra in 2001 and it is still being modified. This is purely a free software. Michael Borcherds, a school teacher is another person who plays an important role in developing this software.*

**തുവൽ സ്പർശം**

# <u>അച്ഛൻ</u>

*സ്നേഹത്തിൻ ഊഷ്മളഭാവം ഞാൻ പഠിച്ചത്,ഞാൻ കണ്ടത്,ഞാൻ അറിഞ്ഞത്,എൻെറ എല്ലാമെല്ലാമായ അച്ഛനിൽനിന്നാണ്...*

*സൂര്യനേപ്പോലുള്ള തേജസ്സും,ചന്ദ്രനേപ്പോലുള്ള പ്രഭയും അവർണ്ണനീയം...കണ്ണിലെ ക്രൃഷ്ണമണിപ്പോലെ എന്നെ എന്നും നോക്കുന്ന എൻെറ അച്ഛൻ.*

*ദേവിക വിജയൻ*

**തുവൽ സ്പർശം**

# അമ്മ

സ്നേഹത്തിൽ രൂപംകൊള്ളും
അമ്മതൻ കരങ്ങളിൽ
കൊള്ളുന്നു ലോകത്തിൻ തൻ
സമസ്ത പ്രകാശവും

മിന്നുന്ന താരകമായി
നിൽക്കുന്ന എന്നമ്മതൻ
പുഞ്ചിരി നിലാവുള്ള
ചന്ദ്രനായ് തോന്നീടുന്നു

വാത്സല്യത്തിൻ സുഗന്ധം
പരത്തും മലരായി
പാരിലെ ഉദ്യാനത്തിൽ
അമ്മ നിറഞ്ഞുനിൽപ്പൂ

സൂര്യൻ തൻ കിരണംപോൽ
തേജ്ജസ്വീപൂർണ്ണമായ
അമ്മതൻ സ്വരൂപത്തെ
*വണങ്ങീ നിൽപ്പൂ ഞങ്ങൾ*

*അൽന ജയൻ*

# മഴ

മാനം കറുത്തുതുടങ്ങി
ചക്രവാളത്തിൽ ചാട്ടുളിപ്പോൽ-
മിന്നൽപ്പിമാനം കറുത്തുതുടങ്ങി
ചക്രവാളത്തിൽ ചാട്ടുളിപ്പോൽ-
മിന്നൽപ്പിണരുകൾ ചടുലമായി,
കാതുതകർക്കുന്ന ഇടിനാദം
താണ്ഡവമാടുന്നു
തുള്ളിയല്ലാതൊഴുക്കുപോൽ
വെള്ളം പാഞ്ഞൊഴുകുന്നു
വരണ്ട ഭൂമിയുടെ കൊതി
തീർക്കുവാൻ
വരുണ ദേവൻ കനിഞ്ഞ വരം

WALLPAPERSWIDE.COM

പെരുമഴയിലൊഴുകി തോടായി,
നദിയായായി, കായലായി, കടലായി
പിന്നെയോമഴമേഘമായ്
മാറുവാൻ വാനിലേക്ക്
വീണ്ടും മഴയായി താഴേയ്ക്ക് പെയ്യുവാൻ
ഒരുങ്ങുന്ന ഇതൊരുപ്രപഞ്ചസത്യം

അലീഷ മേരി ജോൺസൺ

WALLPAPERSWIDE.COM

# സ്വപ്നം

ഇത്ര രാവായിട്ടും കണ്ണിപ്പോഴും
തുറന്നേവം ചിത്തമെങ്ങോട്ടെന്നില്ല
സ്വപ്നം സഞ്ചാരം മാത്രം
നിദ്രയോ രാവിൻ കൂട്ടും പൂകവേ
ശുഭ്ര നീർപൂക്കൾ വിണ്ണിൻ
രഥത്തിൽ

അനീറ്റ കൊച്ചുമോൻ

# ജനനി

സത്യത്തിൻ നിറവുള്ള പ്രകാശത്തിൻ
നിഴലുള്ള വിശ്വവിദ്യാലയം അമ്മ
അനുഗ്രഹം ചോരിയുമി
വിശ്വവിദ്യാലയം അനുഗ്രഹസൗന്ദര്യമ്മ

കാലൊന്നു പതറുമ്പോൾ
വഴിയൊന്നു തെറ്റുമ്പോൾ
താങ്ങായി നിലക്കുമെന്നമ്മ
മണ്ണിലും വിണ്ണിലും
സ്നേഹത്തിൻ മൊഴിയിലും
അലങ്കാരമായോരീയമ്മ

സ്വപ്നത്തിൻ താഴ്വാരം
തുറന്നൊരി സാഫല്യം
എന്നും വളർന്നുയരട്ടെ
അനുഗ്രഹം ചൊരിയുമീ
വിശ്വവിദ്യാലയം എന്നും
വളർന്നുയരട്ടെ

*അഞ്ജലി അജിത്*

തൂവൽ സ്പർശം

# അനാഥത്വം

തിരക്കുകൾ കൂടിയ മകൻ.
പ്രായം അധികരിച്ച തൻ
അച്ഛനെ അനാഥ മന്ദിരത്തിൻെറ
കൈകളിൽ
ഏൽപ്പിച്ചു പോരാൻ തുടങ്ങവെ
അറിയുന്നു തൻെറ കുഞ്ഞിളം
കൈകളെ.
കൊണ്ടുപോയി മകനായി കൂടെ .

അൽന മരിയ

# ഗുരു

അക്ഷരത്തിൻ ലോകമായി നീ വന്നു
പിന്നെ എൻ അമ്മയായി ,കൂട്ടുക്കാരിയായി
സ്നേഹത്തിൻ തൂവലായി
അറിവിൻ തീനാളമായി
എൻ ലോകമായി നീ മാറി
എൻ നാവിൽ തന്നു നീ
നിൻ അറിവുകളെല്ലാം
തുല്യം ചൊല്ലാൻ ആരുമില്ല
അങ്ങയെപ്പോലെ നിന്നുടെ
നാമം ഗുരു എന്നു തന്നെ
നിൻ തറവാടോ വിദ്യാലയം

അനഘ എം വി

# അമൂല്യ നിധി

ഒരു ചെറുപുഞ്ചിരിയായ് എൻ വഴിത്താരയിൽ
നിറകണ്ണുകളോടെ എന്നും നോക്കി നിൽക്കും
അതിരില്ലാത്ത സ്നേഹത്തോടെ
അളവിലേറെ സ്നേഹിക്കാൻ
അമ്മയുണ്ട് എൻ അരികിൽ

അടിപതറാത്ത മനസ്സോടെ എന്നുമെൻ
ഇരുട്ടിൽ വെളിച്ചമായ് അമ്മയുണ്ട്
ഇരുളിലും പകലിലും
ഒരു കൈത്താങ്ങുമായി അമ്മയുണ്ട്

തെറ്റുകൾ ഏറെ ഞാൻ ചെയ്തിരുന്നെങ്കിലും
തെല്ലും പതിരില്ല ആ മനസ്സിൽ
തെറ്റുകൾ ഏറ്റുപറയുവാൻ ഈ ലോകത്ത്
അമ്മയല്ലാതെ മറ്റാരുമില്ല

എൻെറ പൊന്നോമനയെ കാക്കണേ എന്ന
പ്രാർത്ഥനയല്ലാതെ ലോകത്തിൽ

**ളുവൽ സ്പർശം**

എങ്കിലും സോദരേ, ആ പുണ്യ ജീവനെ
നല്ലൊരു സാന്ത്വന വാക്കുപോലും പറയാതെ
ദ്രോഹിയ്ക്കുയാണീ നാം
സ്വാർത്ഥതമൂലം മറക്കുന്നു നമ്മളീ
പുണ്യ ജന്മത്തിൻ മധു നിമിഷങ്ങൾ

എങ്കിലും ഓർക്കുക അമ്മതൻ സ്നേഹത്തിൻ
പകരമാക്കില്ല ഒന്നുമേ
തിരികെ കൊടുക്കുവാൻ എന്റെ കൈയ്യിൽ
എപ്പോഴും ഒരു നറു സ്നേഹത്തിൻ
പുഷ്പം മാത്രം

അനഘ എം വി

# വിദ്യാലയം

നടന്നു കയറി ഞാൻ
കാലങ്ങൾ മുമ്പ്
വർഷം കഴിയുന്ന രാവിൽ
ഈ തിരുമുറ്റത്തേയ്ക്ക്
കൺ കുളിർക്കെ കണ്ടു ഈ
അറിവാകുന്ന വിദ്യാലയം
വിസ്മയം എന്നിലാകെ
ദിനങ്ങൾ കാലമായി മറയുന്നു
സൗഹൃദം വിടരുന്നു എന്നിൽ
ജീവനായ് കുറെ സുഹൃത്തുക്കൾ
അറിവു നൽകുന്ന അധ്യാപകർ
ഒരുമയോടെ കാണുന്നു.
എല്ലാവരേയും
വേദനയോടെ വിടപറയുന്ന സമയം
ഒന്നുകൂടി നോക്കുമിവിടം
മിഴിയിൽ പൊഴിയും ചുടുനീരുകൾ
അനുഭവം പാഠമാക്കി തുടരുന്നു

ജുവൽ സ്പർശം

*ജീവനിൽ തുടിക്കുന്നു
ഈ വിദ്യാലയം......*

*അനഘ അജികുമാർ*

**തൂവൽ സ്പർശം**

# മയിൽപ്പീലി

ഒരു മഴ കൂടി പെയ്തിരുന്നുവങ്കിൽ ആ
മഴയുടെ കുളിർച്ചുറ്റം
നിറഞ്ഞിരുന്നുവെങ്കിൽ .
ഒട്ടുവിൽ അവശേഷിക്കുന്ന കടലാസ്സു
പൂവുകൾ
നനഞ്ഞ മണ്ണിൻെറ ഹൃദയത്തിൽ
നിക്ഷേപികാമായിരുന്നു
ഒപ്പം മഷി മാഞ്ഞ ഒരു ഇതൾ നിനക്കു
നൽക്കാം കാഴ്ച്ചക്കരുടെ പേരുകൾ
അതിലെഴുതണം

വിദ്യാ & അനീറ്റ

# പ്രകൃതി

പ്രകൃതി സൗന്ദര്യത്തിൽ മയങ്ങി ഞാൻ
മുന്നോട്ടു പോകുന്നു നിശ്ചലമായി
ഹാ... എന്ത് ഭംഗി ഹാ.. എത്രസുന്ദരം

ആറടി മണ്ണിൻ ഉടമ ഞാൻ
അതു മാത്രമാണിന്നു സ്വന്തമായീ
ഭൂമിയിൽ
അന്നെൻ കൂടെ പോരാൻ
ആരുമില്ലെന്നറിയുന്നു ഞാൻ

എന്തു ഭംഗി എന്തു ശോഭ
ആരുതന്നീ സൗന്ദര്യം നിനക്കായ്
സമ്പൽ സമൃദ്ധിയിൽ
മുങ്ങിനിൽക്കുന്നു
നിന്നെ സ്വീകരിക്കാൻ

കൃപ സാമുവൽ

# പ്രണയ നിലാവ്

പ്രണയ നിലാമലരേ,നീയെൻ

കരളിൽ തഴുകുകയോ,

സുന്ദരമാമീ യതുകുലരാത്രിയിൽ

മാറിലണയുകയോ......

സുന്ദരപുലരികളിൽ നീയെൻ

കവിതകൾ മൂളുമ്പോൾ,

മധുരമനോഹര സുന്ദരഗാനം

കാതിൽ മീട്ടുകയായ്.....

നീ വരുംനേരം പ്രണയം

കുളിരായ് പെയ്യുന്നു,

മാരിവില്ലഴകിൽ നമ്മൾ

ഒന്നായ് ചേരുന്നു......

നിൻ പുഞ്ചിരിയിൽ ഞാനൊരു

കാറ്റായ് അലിയുകയായ്

നിൻ കണ്ണിണയിൽ ഞാനൊരു മലരായ് മാറുകയായ്...

**തൂവൽ സ്പർശം**

# കലകാരൻെറ

# കീർത്തിമുദ്ര

എൻ ജീവശ്വാസവും സ്പന്ദനവും നീയേ സഖി......
എന്നിലെ വിയർപ്പിൻെറ ഓരോ കണങ്ങളും നിനക്കു
ജന്മമേകീടാനായി......
എൻ ജീവിതം ഞാൻ
ഉഴിഞ്ഞുവച്ചതും
നിനക്കുവേണ്ടി താനേ......
എൻ ജീവശ്വാസവും നീ
താനല്ലോ...
ഉയിരിൻെറ ഉയിർതേടി
ഞാനണഞ്ഞതും
നിനക്കുവേണ്ടി.....
എൻ  കനവിൻെറയുള്ളിലും
നിനവിൻെറയുള്ളിലും നീയല്ലാതൊന്നുമേ
വന്നതില്ല....



ജിയ

**തൂവൽ സ്പർശം**

# LIBRE OFFICE

*LibreOffice comprises a package which includes software like Writer(Word Processor) which is used to prepare letters, notices, etc.;Calc(Spreadsheet) which is used to analyse information; Base used to handle data; and the Draw is used to handle pictures. LibreOffice editions are now available for all important operating systems. This has been developed by The Document Foundation. The main aim of LibreOffice is to create a non-commercial office package supported by ODF(Open Document Format). The name LibreOffice is created by joining the word "libre" which means freedom and the word "office".*

**തൂവൽ സ്പർശം**

# എന്തുപകരം കൊടുക്കുമെൻ അമ്മയ്ക്കായ്....

മൗനത്തിൻ സംഗീതം മീട്ടി
ഞാൻ എൻ മിഴി രണ്ടും
ഇതളുകളാൽ തിളങ്ങി
അമ്മതൻ സ്വാന്ത്വനം അരികിലെത്തി
സ്നേഹത്താൽ താലോലിച്ചെന്നെ
താരാട്ടിൽ ഈണം നുകർന്നു എന്നമ്മ
അമ്മതൻ താരാട്ടു കേട്ടു മയങ്ങി ഞാൻ
സ്വർഗ്ഗത്തിൻ താഴ്വര കണ്ടു
ആരോ തന്ത്രിമീട്ടി അറിയിച്ചു
അമ്മതൻ സ്നേഹം .
ആഴിതൻ അളക്കാത്ത സ്നേഹം
അമ്മിഞ്ഞപ്പാലിൻ മാധുര്യമൂറുമെൻ നാവിൽ
ജീവനുതുല്യമാം സ്നേഹിക്കുമെന്നമ്മയേ
എന്തു പകരം കൊടുക്കുമീ അമ്മയ്ക്കായി.

അനൈസ ഷൈൻ

# എന്തേ നീ എന്നിൽ നിന്നകന്നു

കാലങ്ങൾക്ക്  മായ്ക്കാൻ കഴിയാത്ത നൊമ്പരങ്ങൾ
തന്നു എനിക്കെൻെറ സ്നേഹം
തേടുന്നു ഞാൻ നിന്നെ......
ഒരു സ്നേഹം തുളുമ്പും ചിരിയുമായി
എന്നു നീ വന്നണയും എന്നരുകിൻ

അരികിലാണെങ്കിലും
അകന്നതെന്തേ?
കൺമുന്നിലാണെങ്കിലും മറ
ഞ്ഞതെന്തേ?
എന്തേ നീ എൻ
കണ്ണുനീർത്തുള്ളിയായി
എൻ കവിളിലൂടെ തെന്നിനീങ്ങുന്നു നീ

ഓരോ നിമിഷവും നിന്നെ
ഞാൻ അറിയണം  എന്ന ആശ

തൂവൽ സ്പർശം

എൻ ഹൃദയത്തിൽ മുഴങ്ങുന്നു

എന്തേ എൻ പ്രിയ സുഹൃത്തേ
നീ എന്നിൽ നിന്നകന്നു.

അമൃത സി.യു



തൂവൽ സ്പർശം

# STELLARIUM

*Stellarium is a simulation software providing different sights of the sky. We can set the sky on any day or any time in our computer with the help of this software. This is a very useful software for sky watchers. We can find out the constellations, shapes, their names and the distance between them. There are details of more than 6,00,000 stars in this software.*

# മനോവിഷാദം

വേനൽ പോയി മറഞ്ഞിട്ടും
വസന്തം വന്നുനിറഞ്ഞിട്ടും
എന്തേ സഖി നിനക്കെന്തി-
നാണീ വിഷാദം മുഖത്തെപ്പോഴും

മേഘങ്ങൾ വർണ്ണപ്പുതപ്പണിഞ്ഞിട്ടും
ചെടികളിലായിരം പുഷ്പങ്ങൾ വിരിഞ്ഞിട്ടും
കടലുകൾ ശാന്തമായിയൊഴുകിയിട്ടും
എന്തേ ! നിനക്കീ മൗനം....

രാവുകൾ കടന്നു പോയതറിയാതെ
പകലുകൾ വിരിയുന്നതറിയാതെ
എന്തോ നോക്കിയിരിക്കുന്നതു കാണു
മ്പോളെൻ ഹൃദയം നോവതറിയുന്നില്ലേ സഖീ

ജിയ അന്ന ജോൺ

തൂവൽ സ്പർശം



# തെരുവിൻെറ വെളിച്ചം

എന്നെത്തെയും പോലെ അന്നും നല്ല
മഞ്ഞുണ്ടായിരുന്നു.ആകാശത്ത്
മേഘങ്ങളുടെ നടുവിൽ നക്ഷത്രങ്ങൾ മിന്നി തിളങ്ങുന്നത് കാണാൻ
പൂക്കളുടെ മേലെ മഞ്ഞുതുള്ളികൾ
സൂര്യപ്രകാശത്താൽ തിളങ്ങി നിൽക്കുന്നതുപോലെ അത്
ഭവപ്പെട്ടു. ഈ തെരുവിലെ ഒരു പള്ളിയുടെ മുമ്പിൽ ആചോരകുഞ്ഞ്
മഞ്ഞുകൊ
ണ്ട് കിടക്കുകയാണ്.അന്ന് ആ രത്രി മാലാഖയെപോലെ വന്ന
അവിടുത്തെ സിസ്
റ്റർ ആ പിഞ്ചു കുഞ്ഞിനെ എടുത്തു വളർത്തി അവനെ അവരുടെ
സ്വന്തം മകനെ
പോലെ വളർത്തി പഠിപ്പിച്ച് ഒരു നല്ല നിലയിലെത്തിച്ചു. അങ്ങനെ
ആ കുട്ടി,തെരു
വിൻെറ മറവിൽ ആരോ ഉപേക്ഷിച്ചവൻ പുണ്യമായ കൈകളിലൂടെ
വളർന്ന്

**ഇരുളിൻെറ മറവിൽ നിന്ന് തെരുവിൻെറ വെളിച്ചമായി മാറി**

**ബിയബിനോയി**

**ളുവൽ സ്പർശം**

# പേമാരി

സത്യം ....മഴ.മാനം കറുത്തു തുടങ്ങി
ചക്രവാളത്തിൽ ചാട്ടുളിപോൽ
മിന്നൽപ്പിണരുകൾ ചട്ടലമായി
കാതു തകർക്കുന്ന ഇടിനാദം

തുള്ളിയല്ലാതൊരൊഴുക്കുപോൽ
വെള്ളം പാഞ്ഞൊഴുകുന്നു
വരണ്ട ഭ്രമീയുടെ കൊതി
തീർക്കുവാൻ
വരുണ ദേവൻ കനിഞ്ഞ വരഠ

പെരുമഴയിലൊഴുകി തോടിയി
നദിയായി, കായലായി, കടലായി
പിലന്നെയോമഴമേഘമായ്
മാറുവാൻ വാനിവലേക്ക്
വിണ്ടും മഴയായ് തീഴേയ്ക്ക് പെയ്യുവാൻ
ഒരുങ്ങുന്നു ഇതൊരു പ്രപഞ്ച സത്യം ....മഴ

തുവൽ സ്പർശം

# മായാപുഷ്പം

മായാസന്ധ്യയാം നിന്നുടെ
ഓർമകൾ എന്നിൽ പൂങ്കാവനം
തീർക്കുന്നു സഖി....
മറക്കുവാനാവില്ലൊരുന്നാളും നിന്നെ,
എന്തേ നീ എന്നെ മറന്നു സഖി
എന്തേ നീ എന്നെ പിരുഞ്ഞൂ....

കാണാമറയത്തായ് നീ മായുമ്പോൾ
എന്നുള്ളം നിനക്കായ് കാത്തിരുന്നു,
എങ്കിലും നീ എന്നെ മറന്നല്ലോ സഖി

വിരഹദുഃഖത്തിൽ ആഴന്നുപോയെന്നുള്ളം
മരവിപ്പാണെൻ മനസ്സിൽ മരിക്കുവോളം
നിന്നെയോർത്തെൻ സ്നേഹമാം
ഇതളുകൾ കൊഴിയുന്നതെന്തേ നീയറിഞ്ഞില്ല.....

**അഞ്ജലി**

**തൂവൽ സ്പർശം**

# സൗഹൃദം

അവർണ്ണനീയമായ ദൃഢമായ ബന്ധം . പിരിയാനാവാത്തത്ര സ്നേഹത്തോടുകൂടി നിന്നെ ഞാൻ എൻ്റെ നെഞ്ചിൽ ഏറ്റി .ഒരിക്കലും മറക്കാനാവില്ല നിന്നെ .അമ്മ എനിക്ക് ജന്മം നൽകി . അച്ഛൻ എന്നെ നോക്കിവളർത്തി .

അധ്യാപകർ എനിക്ക് ശിക്ഷണം നൽകി . എന്നാൽ ....എൻ്റെ ജീവൻ അവസാനിക്കുന്നതു വരെ നിന്നെ ഞാൻ എൻ്റെ മനസ്സിൽ സൂക്ഷിക്കണ്ണം.

ഐശ്വര്യ കൊച്ചുമോൻ

**തൂവൽ സ്പർശം**

# മഴയെ നിന്നെ തേടി

മഴതൻ മാറിൽ ഉറങ്ങുവാൻ
എൻ നെഞ്ചുതുടിക്കുന്നു
ആ കുളിർകാറ്റും
നിൻ താളവും എവിടെ !



ഒഴുകും പുഴതൻ ജീവൻ
എവിടെയെന്നറിയില്ല
കാറ്റും സൂര്യഗോളങ്ങളായി
മാറിയതെന്തെന്നറിയില്ല .

ഇലകൾ തളർന്നു കൊഴി
ഞ്ഞു
വേരുകൾ തളർന്നു മെലിഞ്ഞു
തണ്ടില്ല , ഇലയില്ല , വേരില്ല
പച്ചപ്പുമൊട്ടുംകാണ്മാനില്ല
മഴയെ നിനക്കായി കാത്തിരിപ്പൂ

തൂവൽ സ്പർശം

# Ella’s doubt

There was a small girl in a town. Her name was Ella, she is just 9 years old. She is very cute but naughty. She has brown eyes, golden hair and red lips which always keeps smiling to everyone. She wares small frocks which suits her nicely. She is always busy by play games, make castles out of sands, draw pictures, or climb trees...

As she is of a young age she always have doubt. She always asks questions to everyone. Most of the times her questions or doubts are very tricky. Sometimes she would often thought us and sometimes she erases our wrongs.


One day she was playing with her dog Nicky in the ground. When she become exhausted

she sat near a gooseberry tree. Then she noticed a watermelon vine with fruit on it. Then she started to have doubt that” Why does watermelon grows in small vines when gooseberry grows on tall trees.” she started to thing hardly about that. Due to tiredness she slipped into sleep. Nicky put his head in her lap and they both slept.

A smooth breeze passed and a berry fall to her head. She wake up and saw the berry and took it in her hand. After a while watching it and melon she smiled to Nick and said” Now I realises that why did Mother nature makes some things small. If melons were hanging on the tall trees instead of berries what would have happened when it falls into our head!?So it is clear that changes happens for our own good” Then they go back to there house.

...........................................

Sandra Santhosh



# Prayers to god

Oh my god of spring,
show us some blooms,
shining dew bells and
fragrant of flowers.

Oh my god of rain;
give us some water
to cure the thirst of
young ones who is
wishing your kindness
crying for it, dying by
thirst,
but don’t let them die.

തൂവൽ സ്പർശം



Oh my god of summer;
let the twigs grow
don’t dry them out,let them grow big.

Sandra Santhosh

തൂവൽ സ്പർശം

# കാത്തിരിപ്പൂ...ഞാൻ

**1.** കടത്തുവഞ്ചി കാത്തിരിക്കുന്നു

എനിക്ക്




മറുകരയ്ക്കൊന്നെത്തണം

തെളിഞ്ഞ് ശാന്തമായ

നദി

അത്രതന്നെ ശാന്തമായ

പ്രഭാതത്തിൽ വഞ്ചിയിലേറി

മറുകരയൊന്നതാണ്ടണം

**2.** എന്നാൽ ചെയ്തുതീർക്കാൻ

ഇന്നിയും ജോലികൾ

കളരിയിലെ ആശാനെ തൊട്ടുവന്ദിക്കണം

**തൂവൽ സ്പർശം**

**3.** അമ്മയെയും അച്ഛനെയും

സന്തോഷിപ്പിക്കണം.

വീട്ടിലെ ജോലികൾ

ചെയ്തു തീർക്കണം

**4.**എന്നാൽ എന്റെ ജോലികൾ

തീർന്നില്ലലോ.

വഞ്ചിപോകാറായി എന്നാലും

എനിക്കുവേണ്ടി കാത്തിരിപ്പു...

**ഗായത്രി ജി കൃഷ്ണ**

**തൂവൽ സ്പർശം**

# *Quiz Corner*

*1.Who is the creator of GeoGebra*
*-Markus Hohenwarter*

*2. World computer literacy day*
*-December 2.*

*3.Who is the founder of Facebook*
*-Mark Zuckerburg*

*4.Which is the first computer*
*-Analetical Engine*

*5.Who is the inventor of telephone*
*-Alexander Graham Bell*

*6.Who is known as the father of computer*
*-Charles Babbage*

Biya Binoy




**തൂവൽ സ്പർശം**